# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1295** **11.06.2019 -ൽ മറുപടിയ്ക്ക്**

### സ്കൂളുകളിലെ പാൽ വിതരണം

ചോദ്യം

**ഉത്തരം**

**ശ്രീ.ഡി.കെ. മുരളി**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സ്കൂളുകളിൽ ആഴ്ചയിൽ രണ്ടു ദിവസം വിതരണം ചെയ്യുന്നതിനായുള്ള പാൽ വാങ്ങുന്നത് ഏതെങ്കിലും നിർദ്ദിഷ്ട സ്ഥാപനത്തിൽ നിന്നായിരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഏത് സ്ഥാപനത്തിൽ നിന്നും വാങ്ങണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; | ബി) | സംസ്ഥാനത്തെ സ്കൂളുകളിൽ വിതരണം ചെയ്യുന്ന പാൽ പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽ നിന്ന് വാങ്ങുന്നതിന് മുൻഗണന നൽകുവാനും ക്ഷീര സഹകരണ സംഘങ്ങൾ ഇല്ലാത്തിടങ്ങളിൽ 'മിൽമ' മുഖാന്തിരം പാൽ വാങ്ങുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | ടി സ്ഥാപനത്തിൽ നിന്നല്ലാതെ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും പാൽ വാങ്ങുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ; | ഡി) | ബാധകമല്ല. |
| ഇ) | ഇക്കാര്യം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ? | ഇ) | ഉച്ചഭക്ഷണവും പാൽവിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി സ്കൂൾ തലത്തിൽ നൂൺഫീഡിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നോഡൽ ഓഫീസർമാരായി പ്രവർത്തിക്കുന്നു. കൂടാതെ എല്ലാ ഉപജില്ലകൾക്ക് കീഴിലും നൂൺമീൽ ഓഫീസറർമാരും ജില്ലാതലത്തിൽ നൂൺ ഫീഡിംഗ് സൂപ്പർ വൈസർമാരും ഇവയുടെ മേൽനോട്ട ചുമതല വഹിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ